## പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1257

02.03.2017-ന് മറുപടിയ്ക്ക്

## മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ എന്ന പദ്ധതി

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ എന്ന പദ്ധതി പ്രകാരം എല്ലാ മണ്ഡലത്തിൽ നിന്നും ഓരോ സ്കൂൾ വീതം തിരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി തെരഞ്ഞെടുക്കുവാൻ ബാക്കിയുള്ള മണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളെ മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ; | (ബി) തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ വിവരിക്കുമോ? | (സി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കേണ്ടതും ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി തനതായ ഒരു മാസ്റ്റർ പ്ലാൻ 08.12.2016-ലെ സ.ഉ.(സാധാ) നം. 205/2016/പൊ.വി.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതുമാണ്.<br><br>സ്കൂളുകളിൽ അക്കാദമിക മികവ് കൈവരിക്കുന്നതിനായി വിദ്യാർത്ഥി കേന്ദ്രീകൃത അദ്ധ്യയന രീതി നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ